

നടൻ മണിയൻപിള്ള രാജുവിനൊപ്പം കലോൽസവ നഗരിയിലെ ഗ്രീൻ പ്രോട്ടോകോൾ വൊളന്റിയർമാർ.

## പച്ച സേന കൊള്ളാം; കൈകൊടുത്ത് മണിയൻപിള്ള രാജു

തിരുവനന്തപുരം ● പൂജപ്പുര ഗ്രൗണ്ടിലെ രണ്ടാം വേദിയിലേക്കെത്തിയ നടൻ മണിയൻപിള്ള രാജുവിനു പച്ച ക്കോട്ടണിഞ്ഞു നിൽക്കുന്ന ചെറുപ്പക്കാരെക്കണ്ടപ്പോൾ കൗതുകം- നിങ്ങളെന്താ പച്ചസേനയോ? 'അതേ, ഗ്രീൻ വൊളന്റിയർമാരാ ഞങ്ങൾ.'

കലോൽസവ വേദികളിൽ പ്ലാസ്റ്റിക് മാലിന്യം തടയാൻ വേണ്ടി നിൽക്കുന്ന ഗ്രീൻ വൊളന്റിയർമാരുടെ പ്രവർത്തനങ്ങൾ രാജു ചോദിച്ചു മനസ്സിലാക്കി. പ്ലാസ്റ്റിക് കുപ്പിയും കവറുകളും ശേഖരിക്കുന്നതെല്ലാം കേട്ടറിഞ്ഞപ്പോൾ സന്തോഷം. കുട്ടികളുടെ പ്രവർത്തനം മാതൃകാപരമാണെന്ന പ്രശംസ നൽകി, എല്ലാവർക്കും കൈകൊടുത്ത്, ഒപ്പം നിന്നൊരു ഫോട്ടോയും എടുത്താണു മണിയൻപിള്ള രാജു മടങ്ങിയത്. കുട്ടിക്കാലത്തു കലോൽസവങ്ങളിൽ പങ്കെടുക്കാൻ ആഗ്രഹമുണ്ടായിട്ടും കഴിയാതിരുന്നതിന്റെ ഓർമകളുമായാണു രാജു പൂജപ്പുര ഗ്രൗണ്ടിലെത്തിയത്. പക്ഷേ, മോഹൻലാലിന് ആദ്യമായി മികച്ച നടനുള്ള അവാർഡ് നേടിക്കൊടുത്ത നാടകത്തിന്റെ സംവിധായകനാകാൻ കഴിഞ്ഞതിന്റെ മധുരിക്കുന്ന ഓർമയും മണിയൻപിള്ള രാജു പങ്കുവച്ചു. സ്കൂൾ കലോൽസവത്തിനു വേണ്ടി മണിയൻപിള്ള രാജു സംവിധാനം ചെയ്ത നാടകമായിരുന്നു അത്.



TVM ഡെയ്സ്

## കാർമൽ കടന്ന് വൃന്ദവാദ്യം എങ്ങോട്ടുമില്ല...

തിരുവനന്തപുരം● വൃന്ദവാദ്യം സമം വഴുതക്കാട് കാർമൽ സ്കൂൾ എന്നെഴുതേണ്ടി വരും. കഴിഞ്ഞ പന്ത്രണ്ടു വർഷങ്ങളിൽ, രണ്ടു തവണയൊഴികെ ഹയർ സെക്കൻഡറി വൃന്ദവാദ്യത്തിൽ ഒന്നാം സ്ഥാനമാർക്കുമിവർ വിട്ടു നൽകിയിട്ടില്ല. അവതരണത്തിലെ മികവാണ് ഇവർക്ക് തുടർച്ചയായ വിജയങ്ങൾ സമ്മാനിക്കുന്നതെന്ന് 12 വർഷവും ഇവരുടെ ഗുരുവായ സലിൽ ബീവി പറയുന്നു.

പതിവിൽ നിന്നു വ്യത്യസ്തമായി സംഗീത ഉപകരണങ്ങളുമായി നിലത്തിരുന്നാണ് പരിപാടി അവതരിപ്പിച്ചത്. ശബ്ദകോലാഹലങ്ങൾ പരമാവധി ഒഴിവാക്കി ശാസ്ത്രീയ സംഗീതത്തിന്റെ ശൈലിയാണ് പ്രധാനമായും ഉപയോഗിച്ചത്. വൃന്ദവാദ്യമെന്ന പേര് തങ്ങളുടെ വേറിട്ട പരിപാടിയിലൂടെ അന്വർഥമാക്കിയെന്നാണ് ഇവരുടെ പ്രതീക്ഷ. കുട്ടികളുടെ കഴിവ് മനസ്സിലാക്കി, അതിനനുസരിച്ച് സംഗീതം ചിട്ടപ്പെടുത്തിയത് ആകർഷകമായി.

സംഗീത റിയാലിറ്റി ഷോയിൽ സമ്മാനം നേടിയ ആതിര മുരളി ആദ്യമായി ഇതിനായി തബലയും കൊട്ടി. വരുംവർഷങ്ങളിലും വെന്നിക്കൊടി പാറിക്കാൻ കഴിയുമെന്ന ഉത്തമവിശ്വാസത്തിലാണിവർ.



ഹയർസെക്കൻഡറി വിഭാഗം വൃന്ദവാദ്യത്തിൽ ഒന്നാം സ്ഥാനം നേടിയ വഴുതക്കാട് കാർമ്മൽ എച്ച്എസ്എസ് ടീം.

● മനോരമ- ട്രാൻസ്‌വേൾഡ് ഇന്നത്തെ നിറം മൽസരത്തിൽ വൻ പങ്കാളിത്തം

# മഞ്ഞയിൽ വിരിഞ്ഞ് നഗരം



നിർമ്മല ഭവൻ എച്ച്എസ്എസിലെ വിദ്യാർഥികൾ



മഞ്ഞ സ്കൂട്ടറിൽ സ്മിത റോയിയും മകൾ റിസയും.



അർച്ചനയും ഭാഗ്യ എസ്. നായരും.

CELEBRATING 7 YEARS OF BEAUTY CARE
Look good. Feel great.
CATALYST™ SALON & SPA



വിദ്യാരാജനും മകൻ അലൻരാജനും



വിദേശത്തെ അധ്യാപകൻ സിറിയക്ക് മാത്യൂസ്



ജോട്ടില ജോയ്സ്



വി.എൽ. വിദ്യയും പ്രസന്നകുമാരിയും



രേഷ്മ ശ്രീകുമാറും ഷീബയും

മഞ്ഞ ടൂവീലറിൽ മഞ്ഞ ചുരിദാറണിഞ്ഞു സ്മിതാ റോയിയും മഞ്ഞ കുഞ്ഞുടുപ്പിട്ടു റിസാ റോയിയും പുത്തരിക്കണ്ടത്തെ പ്രധാന വേദിയിലേക്കു പാഞ്ഞെത്തി. സമ്മാനം വേണം. അതാണു റിസയുടെ ആവശ്യം. അതിനായി മഞ്ഞയുടുപ്പ് മാത്രമല്ല, മഞ്ഞവളയും മാലയും ചെരുപ്പും. എല്ലാം മഞ്ഞമയം. പ്രധാന വേദിയിൽ മാത്രമല്ല, വേദികളിലൊക്കെ ഇന്നലെ മഞ്ഞ വസന്തമായിരുന്നു. കോട്ടൺഹിൽ ഹൈസ്കൂളിലെ വിദ്യ ടീച്ചർ വ്യാഴാഴ്ച ദിവസങ്ങളിൽ മഞ്ഞ മാത്രമേ ധരിക്കൂ. വ്യാഴത്തിന്റെ നിറം തന്നെ മഞ്ഞയാണല്ലോ? അതുകൊണ്ട് മഞ്ഞപ്പട്ട് ചുറ്റിയാണു കലോൽസവ നഗരിയിലും എത്തിയത്. കേരള സർവകലാശാലയിലെ ജീവനക്കാരിയായ എസ്. പ്രസന്നകുമാരി, തന്റെ സൗന്ദര്യരഹസ്യം തന്നെ മഞ്ഞയാണെന്നാണു വിശ്വസിക്കുന്നത്. ഒട്ടും കുറച്ചില്ല. മഞ്ഞ ച്ചുരിദാറും മഞ്ഞ ആക്സസറീസും. നെറ്റിയിൽ മഞ്ഞപ്പൊട്ട്.

ഇന്നു കലോൽസവ വേദിയിൽ മഞ്ഞയണിഞ്ഞു സമ്മാനം നേടാനായി പി.ബി. അർച്ചന ഒരു മഞ്ഞപ്പുത്തനുടുപ്പ് തന്നെ വാങ്ങി. ഹൈസ്കൂൾ വിഭാഗം ഇംഗ്ലിഷ് സ്കിറ്റിൽ പങ്കെടുക്കാൻ നിർമല ഭവൻ സ്കൂളിലെ ഹിമയും ദേവികയും ഗോപികയും ശിൽപയുമൊക്ക വേദിയിൽ എത്തിയതു മഞ്ഞ ഷർട്ടണിഞ്ഞ്. യെല്ലോ ആണു ഞങ്ങളുടെ ട്രെൻഡി കളർ എന്നാണു ഹിമയും കൂട്ടുകാരും പറയുന്നത്.

ഓസ്ട്രേലിയയിൽ നിന്ന് അവധിക്കു നാട്ടിലെത്തിയ നാലാഞ്ചിറ സ്വദേശി സിറിയക് മാത്യൂസ് കലോൽസവ വേദിയിലെത്തിയതു കത്തുന്ന മഞ്ഞ ഷർട്ടുമിട്ട്. മഞ്ഞയാണ് ഇഷ്ടനിറം. നാട്ടിലെത്തിയാൽ മഞ്ഞ മാത്രമേ ഇടാറുള്ളു. ഭാര്യയ്ക്കും മക്കൾക്കുമൊക്കെ ഇഷ്ടം മഞ്ഞയോടു തന്നെ. നാട്ടിലെത്തുമ്പോഴേ ഇങ്ങനെ കളർഫുളാകാൻ പറ്റുന്നുള്ളു എന്നൊരു ചെറിയ സങ്കടവുമുണ്ട് സിറിയക്കിന്. മഞ്ഞയിട്ടാൽ കൂടുതൽ സുന്ദരിയാകുമെന്ന വിശ്വാസമാണു രേഷ്മയ്ക്കും ഷീബയ്ക്കും. മണക്കാട് വിഎച്ച്എസ്എസിയിലെ ജോട്ടില ജോയ്സിന്റെ അഭിപ്രായത്തിൽ മഞ്ഞ ഏറ്റവും തെളിച്ചമുള്ള നിറമാണ്. ഐശ്വര്യത്തിന്റെ നിറം. അലൻ രാജന്റെ ഇഷ്ടനിറമായതിനാലാണ് അമ്മ വിദ്യയും കലോൽവത്തിൽ മഞ്ഞ വേഷമിട്ട് എത്തിയത്. അലന് മഞ്ഞയല്ലാതെ ഒരു നിറവും ഇഷ്ടമല്ലത്രെ.

ഇന്നു നീലയണിഞ്ഞെത്തി സമ്മാനം നേടൂ.

TECHNO WORLD
THE IT STORE
COMPUTER | LAPTOP SALES & SERVICE
PUNNEN ROAD, STATUE, THIRUVANANTHAPURAM
PH : 9387800188, LANDLINE : 0471-2320004

### സമ്മാനം വാങ്ങിയവർ

പുന്നൻ റോഡിലെ ടെക്നോവേൾഡ് ഐടി സ്റ്റോറുമായി ചേർന്നു മലയാള മനോരമ നടത്തുന്ന ഇന്നത്തെ നിറം മൽസരത്തിൽ മഞ്ഞയണിഞ്ഞു സമ്മാനം വാങ്ങിയവർ- റിസ റോയ് കരമന, വിദ്യ വഴുതക്കാട്, എസ്. പ്രസന്നകുമാരി പാളയം, പി.ബി. അർച്ചന പുളിയറക്കോണം, എ.എസ്. ഹിമ നിർമല ഭവൻ ഹയർ സെക്കൻഡറി സ്കൂൾ, സിറിയക് മാത്യൂസ് തച്ചങ്കരി നാലാഞ്ചിറ, രേഷ്മ ശ്രീകുമാർ, ഷീബ, ജോട്ടില ജോയ്സ് മണക്കാട്, അലൻ രാജൻ.

GET READY TO HARVEST!



The season is reaching today at NH Bypass. Walk-in, pick your basket and start harvesting from an array of farm fresh fruits, vegetables and spices!

Widest range of exotic & imported fruits
Exclusive collection of English vegetables
Separate counters for dry fruits & spices

INAUGURATION
Mr. Abdul Sathar Kunju IPS (Former DGP)
Date: Friday, 22.01.16 | Time: 4.30 pm

spring never ends...
Fruits * Vegetables * Dry Fruits * Spices
NH Bypass, Paruthikuzhi, Trivandrum
Ph: 2454122, 2456122 Email: springtvm@gmail.com
Also at: Nanthancode, Trivandrum | Panampilly Nagar, Ernakulam